## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

13.06.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 877

### പിന്നോക്ക സമുദായക്ഷേമവകുപ്പ്-ഘടനയും ലക്ഷ്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) പിന്നോക്ക സമുദായ ക്ഷേമവകുപ്പ് കേരളത്തിൽ നിലവിൽ വന്നത് എന്നാണ് ; | (എ) 19.11.2011 ലെ ജി.ഒ(എം.എസ്)116/2011/പജപവവിറ നമ്പർ ഉത്തരവ് പ്രകാരം പിന്നാക്ക സമുദായ ക്ഷേമവകുപ്പ് നിലവിൽ വരുകയും 21.11.2011 ൽ ഡയറക്ടർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളടക്കം 10 തസ്തികകളും അനുവദിച്ചു. |
| (ബി) ഇതിന്റെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തെല്ലാമാണ് ; | (ബി) സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആയ ഉന്നമനത്തിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ലക്ഷ്യം. |
| (സി) പ്രാരംഭഘട്ടത്തിൽ പ്രസ്തുത വകുപ്പിന് എന്തു തുക അനവദിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) പിന്നാക്ക സമുദായ വികസന വകുപ്പിനായി പദ്ധതിയിനത്തിൽ 132.68 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 72.99 കോടി രൂപയും ഉൾപ്പെടെ 205.67 കോടി രൂപ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.. |
| (ഡി) സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് തലത്തിൽ പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകൃതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (ഡി) ഉണ്ട്.<br>പിന്നാക്ക സമുദായ ക്ഷേമ വകുപ്പ് രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് സെക്രട്ടേറിയറ്റ് തലത്തിൽ വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. |

| | |
|---|---|
| (ഇ) പ്രസ്തുത വകുപ്പിനുവേണ്ടി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) സെക്രട്ടേറിയറ്റിൽ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ